**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2456** **12-10-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലത്തെ പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ നവീകരണത്തിനായി 2016-17 മുതൽ സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിയ്ക്കാമോ; | (എ) | വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2 കോടി രൂപ വകയിരുത്തി എൽ.ഇ.ഡി തെരുവ് വിളക്ക് നിർമ്മാണ പദ്ധതിയും, 2 കോടി രൂപ വകയിരുത്തി സ്മാർട്ട് എനർജി മീറ്റർ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, 2019-20 സാമ്പത്തിക വർഷത്തിൽ 3.40 കോടി രൂപ വകയിരുത്തി സ്മാർട്ട് വാട്ടർ മീറ്റർ, സ്മാർട്ട് എനർജി മീറ്റർ പദ്ധതികളും കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ സ്മാർട്ട് എനർജി മീറ്റർ, സ്മാർട്ട് വാട്ടർ മീറ്റർ എന്നിവയുടെ പുതിയ ടെസ്റ്റ് ബെഞ്ചുകൾ സ്ഥാപിക്കുകയും, ജീവനക്കാർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന വൈദ്യുതി ബോർഡിനും, സംസ്ഥാനത്തിന് പുറത്തുള്ള വിവിധ വൈദ്യുതി ബോർഡുകൾക്കും, ജലവകുപ്പിനും ആവശ്യമായ മീറ്ററുകൾ നൽകുന്നതിനും സാധ്യമായിട്ടുണ്ട്. |
| (ബി) | നവീകരണാനന്തരം നിലവിൽ കമ്പനി ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ, കമ്പനി ഏറ്റെടുക്കുന്ന മറ്റ് പദ്ധതികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള എൽ.ഇ.ഡി തെരുവ് വിളക്കുകൾ, മിനി മാസ്റ്റ്, ഹൈ മാസ്റ്റ് വിളക്കുകൾ, ജലവകുപ്പിനു ആവശ്യമുള്ള വാട്ടർ മീറ്ററുകൾ, ഇന്ത്യയുടെ തനതു ഉപഗ്രഹ ഗതി നിർണ്ണയ സംവിധാനമായ ഇന്ത്യൻ റീജിയണൽ നാവിഗേഷൻ സാറ്റലേറ്റ് സിസ്റ്റം (IRNSS) ഉപയോഗിച്ചുള്ള വെഹിക്കിൾ ലൊക്കേഷൻ ആന്റ് ട്രാക്കിംഗ് ഡിവൈസ് (VLTD) എന്നിവയാണ് കമ്പനിയിൽ നിലവിൽ ഉൽപ്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ. |
| (സി) | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് പ്രകാരമുള്ള ഏതെല്ലാം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാണ് സർക്കാർ പ്രസ്തുത സ്ഥാപനത്തിന് അനുവാദം നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) | സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(സാധാ)നം. 2330/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്ക് ആവശ്യമായ എൽ.ഇ.ഡി തെരുവ് വിളക്കുകൾ ടെൻഡർ കൂടാതെ യുണൈറ്റഡ് |

| | | | |
|---|---|---|---|
| | | | ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്ന് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 04/07/2019 ലെ ധനകാര്യ വകുപ്പിന്റെ ജി.ഒ(പി)നം.77/2019/ധന ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ സംബന്ധമായ പൊതുമരാമത്ത് ജോലികൾ ചെയ്യുന്നതിനുള്ള അംഗീകൃത ഏജൻസികളുടെ പട്ടികയിൽ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കമ്പനിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ